# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നം.2993 13.10.2011-ൽ മറുപടിയ്ക്ക്.

ഫയലുകൾ തീർപ്പാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. പി.സി. ജോർജ്:<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും ഫയലുകളിൽകാലതാമസം കൂടാതെ തീർപ്പ്കൽപിക്കുന്നതിനുംഎന്തെല്ലാംനടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന്വ്യക്തമാക്കുമോ; | (എ) | മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ ലഭിക്കുന്ന പരാതികളിൽ നിയമപരമായി പരിഹരിക്കാൻ കഴിയുന്ന പരാതികൾ 14 ദിവസത്തിനകം പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട വകുപ്പുകൾക്ക്/ഉദ്യോഗസ്ഥർക്ക് അയച്ചുകൊടുക്കുകയും അവയിൻമേൽ ആവശ്യമായ നടപടികൾബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായി കൈക്കൊള്ളുകയും ചെയ്തുവരുന്നു. ഫയലുകളിൽ കാലതാമസം കൂടാതെയും സമയബന്ധിതമായും തീരുമാനമെടുക്കുന്നതിന് എല്ലാവിഭാഗം ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകി കൊണ്ടുള്ള 18.06.2007-ലെ 15482/ആർ2/06/ ഉഭപവ നമ്പർ സർക്കുലർ നിലവിലുണ്ട്. കൂടാതെ പ്രതിമാസ പ്രവർത്തനാവലോകന പത്രികകൾ എല്ലാ വകുപ്പുകളിൽനിന്നും വാങ്ങി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാമാസവും നൽകിവരുന്നു. |
| (ബി) | ഫയൽ തീർപ്പാക്കൽ അദാലത്തുകൾ എല്ലാ മാസവും നിശ്ചിത ദിവസ ങ്ങളിൽ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കാലപ്പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് 'തീവ്രഫയൽ തീർപ്പാക്കൽ പദ്ധതി' എന്ന പേരിൽ ഒരു നൂതന പദ്ധതി സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഫയൽ അദാലത്തുകൾ നടത്തിയിരുന്നു. 2011 സെപ്റ്റംബർ 30-ാം തീയതി അവസാനിച്ച പ്രസ്തുത പദ്ധതിയുടെ നടപടി റിപ്പോർട്ട് എല്ലാ വകുപ്പുകളിൽ നിന്നും ലഭ്യമാക്കി വിലയിരുത്തിയതിനു ശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. |

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ